പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1821

11/02/2013-ൽ മറുപടിക്ക്

ആശ്രയ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.പി. എ. മാധവൻ<br>ശ്രീ. ലൂഡി ലൂയിസ് | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| (എ) ആശ്രയപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന നിരാശ്രയരും, അടിസ്ഥാന സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും, സാമൂഹ്യമായി ബഹിഷ്കൃതരും, പാർശ്വവൽക്കരിക്കപ്പെട്ടവരും, യാതൊരുവിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സുതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണ്ടെത്തി പുനരധിവസിപ്പിക്കൽ, ഇവർക്ക് അടിസ്ഥാന സൗകര്യ വികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി പ്രശ്നങ്ങൾക്ക് പരിഹാരം കാണൽ, സാമ്പത്തികേതര ക്ലേശഘടകങ്ങൾ ഉപയോഗിച്ച് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, ആരോഗ്യപരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം, വീട് തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റൽ എന്നിവയാണ് ആശ്രയ പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. |
| (ബി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; | (ബി) തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവ കൂടാതെ പൊതുജനങ്ങളുടെ സഹകരണത്തോടെയുമാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതി എത്ര ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പാക്കുന്നത്; | (സി) 958 ഗ്രാമ പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പാക്കിവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇതുവരെ നടപ്പാക്കാത്ത പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | 35 ഗ്രാമപഞ്ചായത്തുകളിലാണ് ഇനിയും പദ്ധതി നടപ്പിലാക്കാനുള്ളത്. ഈ പഞ്ചായത്തുകളിൽ എത്രയും പെട്ടെന്ന് പദ്ധതി നടപ്പിലാക്കുന്നതിന് ബഹു. മുഖ്യമന്ത്രി നേരിട്ട് പഞ്ചായത്തുകൾക്ക് കത്ത് അയച്ചിട്ടുണ്ട്. ഇതിനായി ജില്ലാതല റിവ്യൂ മീറ്റിംഗ്, പ്രോജക്ട് രൂപീകരണത്തിന് പരിശീലനം എന്നിവ ഉൾപ്പെടെയുള്ള വിവിധ നടപടികൾ നടപ്പാക്കുന്നുണ്ട്. പദ്ധതി ഉടൻ നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളിൽ പ്രോജക്ട് രൂപീകരണത്തിനായി രണ്ടു റിസോഴ്സ് പേഴ്സൺമാരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**